# ലാന്റ് റവന്യു കമ്മീഷണറുടെ നടപടിക്രമം
*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ : ശ്രീ.കെ.ആർ.മുരളീധരൻ, ഐ.എ.എസ്)

എൽ.ആർ(റ്റി)4-13358/09(2) തീയതി : 06.01.2011

വിഷയം :- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - കേരള റവന്യു മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് അന്തർ ജില്ലാ സ്ഥലമാറ്റം സംബന്ധിച്ച്- 2.1.61-ലെ ജി.ഒ (എം.എസ്)-4/61/PD നമ്പർ ഗവൺമെന്റ് ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കാതെയുള്ള 10.9.84-മുതൽ 31.12.08-വരെയുള്ള LDC/VA-മാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1) ലാന്റ് റവന്യൂ കമ്മീഷണറുടെ. 05.11.2009, തീയതിയിലെ എൽ.ആർ. ടി4-13358/09 നമ്പർ നടപടിക്രമം (മാനദണ്ഡങ്ങൾ)
2) ലാന്റ് റവന്യു കമ്മീഷണറുടെ 15.10.2010-ലെ എൽ.ആർ.ടി4- 13358/09(2) നമ്പർ നടപടിക്രമം (താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്)
3) ബഹു: ഹൈക്കോടതിയുടെ 14.9.99-ലെ ഒ.പി.22276/98, 22193/98 നമ്പർ വിധിന്യായങ്ങൾ.
4) 14.10.2010-ലെ G.O(Rt)4630/2010/RD നമ്പർ സർക്കാർ ഉത്തരവ്.
5) 15.10.2010ലെ 39221/T3/2009/RD നമ്പർ സർക്കാർ കത്ത്.

ലാന്റ് റവന്യു വകുപ്പിൽ GO(MS) 4/61 ബാധകമാക്കികൊണ്ടുള്ള ഉത്തരവ്, സുചന( 4) പ്രകാരം സർക്കാർ പിൻവലിക്കുകയും ".... that GO(MS) 4/61/PD Dated 02.01.1961 is not applicable in Revenue Department since special rules prevail over General rules and it is therefore ordered accordingly.." എന്ന് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.കുടാതെ സുചന (5) ലെ സർക്കാർ കത്തിൽ സുചന (4) സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റുകൾ പുതുക്കി തയ്യാറാക്കുവാൻ സർക്കാർ നിർദ്ദേശം ലഭിച്ചത് പ്രകാരം പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പരാമർശം (2) പ്രകാരം 10.9.84 മുതൽ 31.12.2008 - വരെയുള്ള LDC/VA താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്മേൽ ജീവനക്കാർക്കുള്ള ആക്ഷേപ ങ്ങളും അവകാശ വാദങ്ങളും ഉന്നയിക്കുവാൻ മതിയായ അവസരം

നൽകിയിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരായി ലഭിച്ച ആക്ഷേപങ്ങളും അവകാശവാദങ്ങളും ബന്ധപ്പെട്ട ചട്ടങ്ങളുടേയും സർക്കാർ ഉത്തരവുകളുടേയും കോടതി വിധിന്യായങ്ങളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചും നേരിൽ കേട്ടും തീർപ്പാക്കിയട്ടുള്ളതാണ്. അതനുസരിച്ച് തയ്യാറാക്കിയിട്ടുള്ള 10.09.1984 മുതൽ 31.12.2008 വരെയുള്ള LDC/VA അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ഇതുമായി ബന്ധപ്പെട്ട് ബഹു: ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമവിധിക്ക് വിധേയമായിരിക്കും.

ജില്ലാ കളക്ടർമാർ/ആഫീസ് മേധാവികൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ലിസ്റ്റ് പരിശോധിക്കുവാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം 15 ദിവസത്തിനുള്ളിൽ അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)
**കമ്മീഷണർ**.

**<u>പകർപ്പ്</u> :**

1) അഡീഷണൽ ചീഫ് സെക്രട്ടറി,
റവന്യു വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) അഡ്വക്കേറ്റ് ജനറൽ,
എറണാകുളം. (ആമുഖ കത്ത് സഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി,
ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ,
ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,
തിരുവനന്തപുരം.
6) ഡയറക്ടർ,
സർവ്വെ & ലാന്റ് റിക്കാർഡ്സ്,
തിരുവനന്തപുരം
7) ഡെപ്യൂട്ടി കളക്ടർ,
വിജിലൻസ്,
ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
8) കമ്മീഷണറുടെ സി.എ.യ്ക്ക്.
9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ
12) ഇ4 സീറ്റ്